
ഫോർട്ട് ഗേൾസ് മിഷൻ ഹൈസ്കൂൾ
little KITEs
ലിറ്റിൽ കൈറ്റ്സ് (2018-2019)
ജാലകം

# FORT GIRLS MISSION HIGH SCHOOL








# *AUGUSTA MARY BLANFORD*

(1835-1906)

# Founder of Fort Girls' Mission High School

# Magazine committee

## Chairman

Smt. Mariamma mathew (Headmistress)

## Vice chairman

Shri. Santhosh N S (PTA President)

## Chief editor

Smt. Suja S J

## Convenors

Smt. Sreelekha S R
Smt. Ligi john

## Members

Aarunya A Nair
Avanthika L R
Darshana J
Devika D S
Nagalekshmi S
Shasna Shamnad
Sai Nandhana A V
Maanasa B J

## Student editor

Drishya N

# ആശംസ



**Shri EIPE KURUVILLA**
**(school manager)**

വിദ്യാഭ്യാസം എന്നത് പാഠപുസ്തകത്തിൽ ചിട്ടപ്പെടുത്തിയിരിക്കുന്ന കേവലമായ അറിവ് ഗുരു മുഖത്തു നിന്നും ആർജ്ജിക്കുന്നത് മാത്രമല്ലെന്നും, അദ്ധ്യാപകന്റെയും വിദ്യാർത്ഥിയുടെയും സജീവവും സമ്പൂർണ്ണവുമായ പങ്കാളിത്തത്തോടു കൂടിയുള്ള പ്രവർത്തനാധിഷ്ഠിതവും ശിശു കേന്ദ്രീകൃതവുമായുള്ള പ്രവർത്തനം മൂലം ആർജ്ജിക്കേണ്ടതാണെന്നുമുള്ള കണ്ടെത്തൽ വിദ്യാഭ്യാസ പ്രക്രിയയിൽ വിപ്ലവകരമായ മാറ്റങ്ങൾ വരുത്തുവാൻ കഴിഞ്ഞിട്ടുള്ളതാണ്. വിവര വിനിമയ സാങ്കേതിക വിദ്യയുടെ സങ്കേതങ്ങളും ഉപകരണങ്ങളും ഈ പ്രക്രിയയിൽ വളരെയധികം പങ്കുവഹിക്കുന്നതിനാൽ അവ സമർത്ഥമായും ഫലപ്രദമായും കൈകാര്യം ചെയ്യാൻ വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു തലമുറയെ രൂപപ്പെടുത്തി എടുത്തില്ലെങ്കിൽ നമ്മുടെ വിദ്യാഭ്യാസ പ്രക്രിയ കൊണ്ട് ഉദ്ദേശിച്ച ലക്ഷ്യം സാധ്യമാകുകയില്ല. ഈ ലക്ഷ്യം മുമ്പിൽ കണ്ടു കൊണ്ട് പുതു തലമുറയുടെ സർഗാത്മക ആഭിമുഖ്യം ഗുണപരമായി പ്രയോജനപെടുത്തുവാനാണ് 'ലിറ്റിൽ കൈറ്റ്സ്' എന്ന ഐ. ടി കൂട്ടായ്മ ഹൈടെക് പദ്ധതിയിലൂടെ കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ കുട്ടികളുടെ ഇടയിൽ നടപ്പാക്കിയിരിക്കുന്നത്. നൂതന സാങ്കേതിക വിദ്യാ ലോകത്തേക്ക് പുതുതലമുറയെ കൈപിടിച്ച് ഉയർത്തുന്ന തരത്തിൽ സാങ്കേതിക വിദ്യയിൽ അഭിരുചിയും വൈദഗ്ധ്യവും ഉള്ളവരാക്കി തീർക്കുക എന്ന ലക്ഷ്യത്തിലേക്ക് നാം പ്രയാണം ചെയ്യുകയാണ്.

ഫോർട്ട് ഗേൾസ് മിഷൻ ഹൈസ്കൂൾ ലിറ്റിൽ കൈറ്റ്സ് 2018-19 പ്രകാശനം ചെയ്യുന്ന ഈ മാഗസിന് എല്ലാ വിധ ആശംസകളും നേരുന്നു.

# ആശംസ



## Smt. MARIAMMA MATHEW
(Headmistress)

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ വിവര വിനിമയ സാങ്കേതിക വിദ്യയുടെ വിവിധ മേഖലകൾ കുട്ടികളിൽ എത്തിക്കുന്ന ഐ ടി കൂട്ടായ്മയാണ് 'ലിറ്റിൽ കൈറ്റ്സ്''. 25 കുട്ടികളുമായി 2018 ഫെബ്രുവരിയിൽ ആരംഭിച്ച നമ്മുടെ സ്കൂളിലെ 'ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്' ഒരു വർഷം പിന്നിടുകയാണ്. മൊബൈൽ ആപ്പ്, പ്രോഗ്രാമിംഗ്, റോബോട്ടിക്സ്, വീഡിയോ ഡോക്കുമെന്റേഷൻ & വെബ് ടിവി എന്നി മേഖലകളിൽ കുട്ടികൾ പ്രാവീണ്യം നേടുന്നു. SITC ശ്രീമതി. Jolly Elizabeth Mathew, ലിറ്റിൽ കൈറ്റ്സ് Mistress- മാരായ ശ്രീമതി. Sreelekha S R, ശ്രീമതി. Ligi John എന്നിവരുടെ താല്പര്യവും ഉൽസാഹവുമാണ് ഈ യൂണിറ്റിന് ഉണർവേകുന്നത്. അവരോടുള്ള നന്ദി അറിയിക്കുന്നു. ഓരോ മാസവും 4 മണിക്കൂർ ക്ലാസ്സാണ് എടുക്കുന്നത്. സാധാരണ സ്കൂൾ സമയത്തെ ബാധിക്കാത്ത രീതിയിൽ 3:30pm ന് ശേഷവും അവധി ദിവസങ്ങളിലുമാണ് ക്ലാസ്സ് നടക്കാറുള്ളത്. 2018-2019 അധ്യയന വർഷത്തിൽ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ 'ജാലകം' എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു.

ഈ മാഗസിന് എല്ലാ വിധ ആശംസകളും നേരുന്നു!!!!

# സന്ദേശം



**SANTHOSH N S**
**(PTA PRESIDENT)**

വിവര സാങ്കേതിക വിദ്യ അനുദിനം വികസിച്ചു കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ആയതിന്റെ അനന്തമായ സാധ്യതകളെക്കുറിച്ച് ബോധവവാന്മാരാക്കുന്നതിനും ചതിക്കുഴികളെക്കുറിച്ച് മുന്നറിയിപ്പ് നല്കുന്നതിനുമായി കുട്ടികൾക്കിടയിൽ ആസൂത്രിതമായ പ്രവർത്തനങ്ങൾ നടത്തേണ്ടത് ആവശ്യമാണ് കേരളത്തിലെ വിദ്യാലയങ്ങളിൽ ഇപ്പോൾ നടപ്പിലാക്കി വരുന്ന 'ലിറ്റിൽ കൈറ്റ്സ് 'ഈയൊരു ലക്ഷ്യം കൈവരിക്കുന്നതിന് വളരെയധികം സഹായകമാണ് .വായനയും പുസ്തക പ്രസാധനവുമെല്ലാം ഇ -റീഡിങ്ങിലേക്കും ഇ -പബ്ലിഷിങ്ങിലേക്കും ഇന്ന് മാറിക്കൊണ്ടിരിക്കുകയാണ് .അതുകൊണ്ടുതന്നെ ഇത്തരം സാങ്കേതികവിദ്യകൾ കുട്ടികളെ പരിചയപ്പെടുത്തേണ്ടത് അനിവാര്യമാണ്. ഡിജിറ്റൽ മാഗസിൻ എന്ന ആശയം യഥാർത്ഥത്തിൽ ഈ മേഖലയിലേക്കുള്ള ഒരു ചുവടുവയ്പ്പാണ് .തങ്ങളുടെ കൊച്ചു കൊച്ചു കുറിപ്പുകളും രചനകളും ഡിജിറ്റലൈസ് ചെയ്തു പ്രസിദ്ധീകരിച്ചു കാണുകയെന്നുള്ളത് ഏതൊരു കുട്ടിയിലും അഭിമാനവും ആവേശവും ജനിപ്പിക്കുമെന്നതിൽ സംശയമില്ല .ഇത് ഭാവിയിൽ അവരെ ഡിജിറ്റൽ പ്രസാധന രംഗത്തേക്ക് ആകർഷിക്കുകയും ഇന്റർനെറ്റിന്റെ ഗുണപ്രദമായ ഉപയോഗങ്ങളിലേക്ക് അന്വേഷണം നടത്താൻ പ്രേരിപ്പിക്കുകയും ചെയ്യും .ഈ ഡിജിറ്റൽ മാഗസിൻ യാഥാർഥ്യമാക്കാൻ പ്രവർത്തിച്ച ഏവർക്കും അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

# FROM THE EDITORIAL BOARD

We, the LITTLE KITES, have great pleasure in presenting this E-MAGAZINE in front of the viewers. We have tried our best to include as many articles as possible. We express our deep regards for our little friends who contributed their talents for this magazine. We are extremely grateful to them. Our abundant thanks towards our teachers, co-ordinators and the other members of the magazine committee who helped us with unstained cooperation to bring out the volume in this form. We are only too aware that there may be defects and short comings in the modest effort of ours. But we hope that the viewers will graciously overlook them.

**THANK YOU!!!**


FORT GIRL'S MISSION HIGH SCHOOL
LITTLE KITES 2018 - 2019

## ഉള്ളടക്കം

'ലിറ്റിൽ കൈറ്റ്സ് ' 2018-2019 പ്രവർത്തന റിപ്പോർട്ട്....12
Little kites....15
ഉൽസവവേദിയൊരുങ്ങി....20
കന്യാകുമാരി....21
ജീവിതം....24
ഒരു നിമിഷം....25
അത്തം പത്തോണം....28
അവസാന വിടപറച്ചിൽ....29
അമ്മയാണ് ലോകം....31
എന്റെ അമ്മ....33
കർഷകൻ....34
നമ്മുടെ ഉത്സവങ്ങൾ....37
കുറുക്കന്റെ കൗശലം....39
പ്രകൃതിയുടെ കണ്ണുനീർ....40
MY FATHER;....42
MY ROLE MODEL....42
Our God's In Earth....43
MY BEST FRIEND....44
BEAUTIFUL NATURE....45
A WORD ABOUT OUR PARENTS....46
CHARLES BABBAGE (1791-1871)....48
IT - QUIZ....49
MY TEACHER....50
....My world

.........................................................51
IMPORTANCE OF GIRLS EDUCATION.........52
LIFE.........53
RIDDLES.........54
TIM BERNERS LEE.........57
.........................................................57
THE WISE MAN BUILT HIS HOUSE.........58
ARE WOMEN IN INDIA ARE SAFE?.........59
Students and social media.........73
TIME.........74
दोस्ती.........75
हिंदी दिवस.........76
देश भक्ति गीत.........79

## 'ലിറ്റിൽ കൈറ്റ്സ് ' 2018-2019 പ്രവർത്തന റിപ്പോർട്ട്

വിവര വിനിമയ സാങ്കേതിക വിദ്യയോടുള്ള പുതു തലമുറയുടെ ആഭിമുഖ്യം ഗുണപരമായും, സർഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിനായി കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ നടപ്പിലാക്കിയ കുട്ടികളുടെ ഒരു ഐ.ടി.കൂട്ടായ്മയാണ് 'ലിറ്റിൽ കൈറ്റ്സ് '. സാങ്കേതികരംഗത്തെ വിവിധ മേഖലകളിലുള്ള അടിസ്ഥാന നൈപുണികൾ പരിചയപ്പെടുന്നതിന് അവസരം നൽകി ഓരോ കുട്ടിക്കും തനിക്ക് യോജിച്ച മേഖലയോട് ആഭിമുഖ്യം ജനിപ്പിക്കുന്നതിനുള്ള അവസരമൊരുക്കുന്നതിനാണ് വിവിധ വിഷയ മേഖലയിലെ പ്രായോഗിക പരിശീലനം പരിശീലന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഗ്രാഫിക്സ് & അനിമേഷൻ, സ്ക്രാച്ച് പ്രോഗ്രാമിങ്, പൈത്തൺ പ്രോഗ്രാമിങ്, മൊബൈൽ ആപ്പ് നിർമ്മാണം, റോബോട്ടിക്സ്, ഇലക്ട്രോണിക്സ്, ഹാർഡ് വെയർ മലയാളം കംപ്യൂട്ടിംങ്ും ഡെസ്ക്ടോപ്പ് പബ്ലിഷിംഗും, ഇന്റർനെറ്റും സൈബർ സുരക്ഷയും എന്നിങ്ങനെ വിവിധ മേഖലകളാണ് യൂണിറ്റ് തല പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. കൂടാതെ മികവു പുലർത്തുന്നവർക്ക് സബ് ജില്ലാ, ജില്ലാ, സംസ്ഥാന

തല ക്യാമ്പുകളിലായി കൂടുതൽ ഉയർന്ന പരിശീലനം ലഭിക്കുന്നതിനും പരിശീലന പദ്ധതി അവസരമൊരുക്കുന്നു.

നമ്മുടെ സ്കൂളിൽ 2017-2018 അധ്യയന വർഷം എട്ടാം ക്ലാസ്സിൽ പഠിച്ചിരുന്ന 25 കുട്ടികളെ അഭിരുചി പരീക്ഷ നടത്തി ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായി തിരഞ്ഞെടുത്തു. 2018 ജൂൺ 6-ാം തീയതി നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ഉദ്ഘാടനം തിരു:നോർത്ത് മാസ്ററർ ട്രെയിനർ ശ്രീമതി.ശ്രീജ നിർവഹിച്ചു. സ്കൂളിനു മുൻപിൽ ലിറ്റിൽ കൈറ്റ്സിന്റെ ബോർഡ് സ്ഥാപിച്ചു. ജൂലായ് 4 മുതൽ എല്ലാ ബുധനാഴ്ച്ചകളിലും വൈകുന്നേരം 3:30 മുതൽ 4:30 വരെ കൈറ്റ് മിസ്ട്രസുമാരുടെ നേതൃത്വത്തിൽ ലിറ്റിൽ കൈറ്റ്സിന്റെ ക്ലാസുകൾ നടത്തി വരുന്നു. ജൂൺ ജൂലൈ എന്നീ മാസങ്ങളിൽ വിദഗ്ധരുടെ രണ്ട് ക്ലാസുകൾ സംഘടിപ്പിച്ചു. നമ്മുടെ സ്കൂളിലെ SITC ശ്രീമതി. ജോളി എലിസബത്ത് മാത്യു ആയിരുന്നു ഈ ക്ലാസുകൾ കൈ കാര്യം ചെയ്തത്. ഒക്ടോബർ മാസം നടന്ന സബ് ജില്ലാ തല ക്യാംപിൽ നമ്മുടെ സ്കൂൾ യൂണിറ്റിലെ 6 കുട്ടികൾ പങ്കെടുത്തു. തുടർന്ന് ഡിസംബറിൽ നടന്ന ജില്ലാ തല ക്യാംപിൽ 2 കുട്ടികൾ പങ്കെടുത്തു. ഈ ക്യാംപുകളിലൂടെ

അനിമേഷൻ, പ്രോഗ്രാമിംഗ്, ക്യാമറ ഉപയോഗിച്ച് വാർത്താ റിപ്പാർട്ട് തയാറാക്കൽ എന്നിവയിൽ കുട്ടികൾ പ്രാവീണ്യം നേടി. ഫെബ്രുവരി അവസാനത്തോടെ ഈ യൂണിറ്റിന്റെ പ്രവർത്തനം അവസാനിക്കുന്നു.ഈ പദ്ധതിയിലൂടെ നൂതന സാങ്കതിക വിദ്യാ ലോകത്തേക്ക് വിദ്യാർത്ഥികളെ കൈ പിടിച്ച് ഉയർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാനാകുമെന്നു പ്രതീക്ഷിക്കുന്നു.

ശ്രീമതി. ജോളി എലിസബത്ത് മാത്യു (സാങ്കേതിക ഉപദേഷ്ടാവ്)
ശ്രീമതി. ശ്രീലേഖ എസ് ആർ (കൈറ്റ് മിസ്ട്രസ്)
ശ്രീമതി. ലിജി ജോൺ (കൈറ്റ് മിസ്ട്രസ്)

# Little kites

[ഹൈടെക് വിദ്യാലയങ്ങളിലെ കുട്ടികളുടെ ഐ.ടി കൂട്ടായ്മ]

'Little kites' IT club is an unique initiative of KITES, which feature over 1 lakh student members .The Hi-school kuttikootam programme, which was part of the public education Rejuvenation Mission of the state government,through which students were given intense training in 5 areas such as Animation ,Cyber safety ,Malayalam Computing ,Hard ware and Electronics ,has been structurally upgraded in Student Police Cadets [SPC] model,thus becoming LITTLE KITES IT Club. LITTLE KITES is set to become the largest student IT Network in the country.

Hon. Chief Minister, Shri. Pinarayi Vijayan has launched this unique initiative on 22nd January 2018 at Thiruvananthapuram. In addition to the already identified 5 core areas, more topics have been added such as Development of Mobile Apps, Programming, Robotics, E-Commerce,E-Governance, Video Documentation, Web TV etc to the activity bouquet of LITTLE KITES.

OBJECTIVES OF LITTLE KITES PROGRAMME :

**1.** To encourage the natural interest of students in ICT field and to create culture for appropriate usage of technology and software.

**2.** To provide an opportunity for students to learn the different

perspectives of ICT tools, so as to make use of them for their learning activities.




**3.** To ensure participation of students in the usage and up keeping on ICT equipments at schools, thereby increasing the productivity of the school is ICT enabled learning

**4.** To empower students to undertaken minor technical issues of ICT equipments

**5.** To enrich students on proper and safe internet usage and cyber security, and also to include the importance of language and computing.

***-MAANASA B J***
***IX C***



# പ്രപഞ്ചമാണ് അമ്മ

വിയം പൂണ്ടു നിൽക്കുന്നതാണമ്മേ
എനിക്കു നിന്നോടുള്ള ഹിതം.

തഴുകുമാതാരാട്ടിൻ സ്മൃതിയിൽ നിറഞ്ഞ
നിശയിൽ പുണ്യവതിയാം മടിത്തട്ടിൽ.

എൻ ജീവിതം നിൻ കരങ്ങളാൽ വഹിക്കവെ
എന്നും.
ആനന്ദമാകിലും വിരഹമാകിലും കനിവോടെ
കൂടെ വരും നിഴലായി.

പ്രത്യാഹം നിൻ ഓർമകൾ മുന്നിൽ
വന്നീടവെ

നമിക്കുന്നു ഹൃദ്യമായി സ്നേഹത്തിൻ
പൊരുളേ......

***AKSHARA. B. S***
***IX A***

# ശാസ്ത്ര ക്വിസ്

1. ചിക്കൻ ഗുനിയ പരത്തുന്ന കൊതുക് വർഗ്ഗം ?

   ഈഡിസ് ഈജിപ്തി

2. "ജൈവഘടികാരം" എന്നറിയപ്പെടുന്നത് ?

   പീനിയർ ഗ്രന്ഥി

3. ഡാർവിൻ സഞ്ചരിച്ച കപ്പൽ ?

   എച്ച്. എം. എസ്. ബീഗിൾ

4. രാസചികിത്സയുടെ പിതാവ് ?

   പോൾ ഐർലിക്

5. ആപ്പിളിൽ അടങ്ങിയിരിക്കുന്ന ആസിഡ് ?

   മാലിക് ആസിഡ്

6. അരുണ രക്താണുക്കളുടെ ആയുസ്സ് ?

   120 ദിവസം

7. മസ്തിഷ്കത്തിന്റെ ഏറ്റവും വലിയ ഭാഗം ?

   സെറിബ്രം

8. ഐറിസിന്റെ മധ്യത്തിലുള്ള സുഷിരം ?

   കൃഷ്ണമണി

9. മധ്യകർണ്ണത്തിലെ ചുറ്റികയുടെ ആകൃതിയിലുള്ള അസ്ഥി ?

   മാലിയസ്

10. കമ്പ്യൂട്ടറിന്റെ പ്രിന്റ് സർക്യൂട്ട് ബോർഡ് ഏത് ?

    മദർബോർഡ്

***Shabna Shahi***
***IX C***

# മിട്ടു കുരങ്ങനും ചക്കി മൂങ്ങയും

ഒരു കാട്ടിൽ രാജാവായ ഒരു സിംഹം ഉണ്ടായിരുന്നു. മന്ത്രിയും,മിട്ടു കുറുക്കനും. ഒരു ദിവസം സിംഹത്തിന്റെ ഭാര്യ ഗർഭിണിയായി. അദ്ദേഹത്തിന്റെ കുഞ്ഞിനെ നോക്കുന്ന ചുമതല ആർക്കെന്നുള്ള മത്സരം നടത്തി. മന്ത്രി മിട്ടു തിരഞ്ഞെടുക്കും. ആദ്യം കോഴിയുടെ ഊഴം. മന്ത്രി പറഞ്ഞു " യൂ ആർ ഔട്ട് " പിന്നെ കിട്ടു കുരങ്ങൻ പറഞ്ഞു, "മന്ത്രി ഞാൻ നൂറു കുഞ്ഞുങ്ങളെ വളർത്തിയിട്ടുണ്ട്". മന്ത്രി പറഞ്ഞു. “യൂ ആർ ഇൻ ”. പിന്നെ പരുന്തിന്റെ ഊഴം. പരുന്ത് പറഞ്ഞു, "ഞാൻ രാജാവിന്റെ കുഞ്ഞിനെ നല്ലതായി നോക്കാം". മിട്ടു പറഞ്ഞു, നിന്റെ കാലിലെ നഖം കൊണ്ടാൽ കുഞ്ഞ് ചത്തു പോകും. മിട്ടു പറഞ്ഞു, " യൂ ആർ ഔട്ട് ". അങ്ങനെ ചക്കി മൂങ്ങയുടെ ഊഴം, "അദ്ദേഹത്തിന്റെ കുഞ്ഞിനെ എന്റെ മക്കളെ പോലെ ഞാൻ രാത്രി കുഞ്ഞിനെ ഉറക്കിയിട്ടാണ് പോകുന്നത് ". മിട്ടു പറഞ്ഞു " യൂ ആർ ഇൻ ". രണ്ടു പേരെ തിരഞ്ഞെടുത്തു. ഇവർക്ക് ഒരു മത്സരം ഉണ്ട്. കരടിച്ചാർ പറയും. രണ്ടു പേർക്കും ഒരു കിഴങ്ങിന്റെ വിത്ത് തരും. അതിൽ നല്ല കിഴങ്ങ് വരുത്തുന്നയാലൾ രാജാവിന്റെ കുഞ്ഞിനെ നോക്കും. അങ്ങനെ മത്സരം ആരംഭിച്ചു. മിട്ടു അഞ്ചു നേരം കുറേ വെള്ളം ഒഴിക്കും. ചക്കി രണ്ടു നേരം ഒഴിച്ചു. അങ്ങനെ മൂങ്ങയുടെ കിഴങ്ങ് മുളച്ചു. കിട്ടുവിന്റെ കിഴങ്ങ് ചെറുതായിട്ട് മുളച്ചു. കിട്ടു ആ കിഴങ്ങ് എടുത്തു. “അയ്യോ ചെറുതായിട്ടല്ലേ മുളച്ചത് ” കരടിച്ചാരും സിംഹവും വന്നു. അങ്ങനെ, കരടിച്ചാർ നോക്കിയപ്പോൾ ചക്കിയുടെ കിഴങ്ങ് നല്ലതായിട്ട് മുളച്ചുവന്നു. മിട്ടുവിന്റെ കിഴങ്ങ് ചെറുതായിട്ടേ മുളച്ചോളൂ. അങ്ങനെ ചക്കി വിജയിയായി.

***ABHIRAMI.R.K***

# ഉൽസവവേദിയൊരുങ്ങി

കലയുടെ ഉൽസവവേദിയൊരുങ്ങി
തരിമണലിൽ തളിർനാളുകൾ പൊങ്ങി
പന്തലൊരുക്കി ,കർട്ടൻ പൊങ്ങി
മേളംകൂടി നാളുകൾ തിങ്ങി



വിധിനിർണ്ണയമായി വിധി വന്നു
പിന്നവിടെ നടന്നത് വാക്കേറ്റം.
പ്രതിഷേധത്തിൻ സൂചകമായ്
പിന്നവിടെ ചിലരുടെ പ്രകടനവും

കലകൾ വിവിധ കരുക്കൾ നീക്കി
യുദ്ധക്കളരി ഒരുക്കുന്നു.
അതിനിടയിൽ ചില
കുഞ്ഞു മനസ്സുകൾ
വിങ്ങിപ്പൊട്ടി കരയുന്നു.
തളർന്നു പോയീടരുതേ കുഞ്ഞേ
കരുത്തു കാട്ടുക വീണ്ടും നീ
വിജയമതാർക്കും കുത്തകയില്ലളു
മാറ്റം മറയും ഓർത്തോളൂ
വിജയ പരാജയമെന്തെന്നാകിലും
കുസലുകൂടാതെതിരേൽക്കു
വിജയത്തേക്കാൾ ശ്രേഷ്ഠമതത്രെ പങ്കാളിത്തം ചങ്ങാത്തം.

***DIVYA LEKSHMI VI A***

## കന്യാകുമാരി




ആടിപ്പാടി യാത്രചെയ്ത് മടങ്ങി വരാനുള്ളതാണ് വിനോദയാത്രയെന്നാണ് നമ്മുടെ ധാരണ. എന്നാൽ യാത്ര നാമറിയാതെ തന്നെ നമുക്ക് അറിവ് പകരുന്നവയാണ്. വിനോദയാത്ര കേവലം കടല കൊറിക്കാനും കടലുകാണാനുമുള്ള ഒന്നാകരുത്.

കന്യാകുമാരിയിലേക്കുള്ള യാത്രയുടെ അനുഭവം ഒന്നു വേറെ തന്നെയാണ്. രാവിലെ തലസ്ഥാന നഗരിയിൽ നിന്ന് യാത്ര തിരിച്ചു. പ്രഭാത ഭക്ഷണത്തിന് സമയമായി. നല്ല വിശപ്പുണ്ടായിരുന്നതു കൊണ്ടായിരിക്കാം, ആര്യഭവനിലെ ഇഡ്ഡലിക്കും ചട്നിക്കും എന്തെന്നി ല്ലാത്ത സ്വാദ് തോന്നി. പോകുന്ന വഴിയിൽ അച്ഛന്റെ നിർദ്ദേശം അനുസരിച്ച് ഞങ്ങൾ പത്മനാഭപുരം കൊട്ടാരം സന്ദർശിച്ചു. ഒരു സുഖമുള്ള അനുഭവം തന്നെയായിരുന്നു അത്. രാജാക്കന്മാരുടെ ഭരണകാലത്തുണ്ടായിരുന്ന ഏതാണ്ട് എല്ലാ വസ്തുക്കളും അവിടെ സൂക്ഷിച്ചിട്ടുണ്ടായിരുന്നു. പിന്നീട് കന്യാകുമാരിയിലേക്ക് പുറപ്പെട്ടു. വൈകിട്ട് എത്തി.

വണ്ടി കേരളാഹൗസിനു മുമ്പിൽ നിന്നപ്പോൾ ആകാംക്ഷയോടെ ആദ്യം ഇറങ്ങിയത് ഞാനാണ്. നാലു പാടും ഒന്നു

കണ്ണോടിച്ചപ്പോൾ തന്നെ കടലിൽ തലയുയർത്തി നിൽക്കുന്ന വിവേകാനന്ദ സ്മാരകവും തിരുവള്ളുവരുടെ പ്രതിമയും കണ്ടു. ഭക്ഷണത്തിനു ശേഷം ബോട്ടിങ് കഴിഞ്ഞ് വന്നപ്പോൾ വൈകുന്നേരമായി. അസ്തമയമായപ്പോൾ എല്ലാവരുടെയും കണ്ണുകൾ പടിഞ്ഞാറോട്ടു തിരിഞ്ഞു. കടൽ തീരത്തു നിന്നു സൂര്യാസ്തമയം കാണുന്നതിന്റെ ഭംഗി വിവരിക്കാൻ പറ്റാത്തത്രയായിരുന്നു. അന്നു രാത്രി ഞങ്ങൾ അവിടെ തങ്ങി.തങ്ങിയതിന്റെ ലക്ഷ്യം അടുത്ത പ്രഭാതത്തിൽ ഉദയം കാണുക എന്നതായിരുന്നു. രാവിലെ തന്നെ ഉദയം കാണാൻ ഞങ്ങൾ കടൽ തീരത്തെത്തി. അപ്പോഴേക്കും കടൽ തീരം ആളുകളെക്കൊണ്ട് നിറഞ്ഞിരുന്നു. ഉദയം കാണേണ്ട ഒന്നു തന്നെയാണ്. ഇന്ത്യയിലെ മറ്റു ഏതൊരു കടൽ തീരത്തു നിന്നും ഉദയം കാണുന്നതിനേക്കാൾ ഏറ്റവും മനോഹരമാണ് കന്യാകുമാരിയിലെ ഉദയം. കടലിനുള്ളിൽ നിന്നും ഉയർന്നു വരുന്ന സൂര്യനെ കാണാൻ വളരെ ഭംഗിയാണ്. കന്യാകുമാരി മൂന്ന് സമുദ്രങ്ങൾ ചേർന്നതാണ്. കന്യാകുമാരിയെ വിശേഷിപ്പിക്കുന്നത് ത്രിവേണി സംഗമം എന്നാണ്. ബംഗാൾ ഉൾക്കടൽ, ഇന്ത്യൻ മഹാസമുദ്രം, അറബിക്കടൽ എന്നിവയാണ് മൂന്നു സമുദ്രങ്ങൾ. ഉദയം കണ്ടശേഷം അവിടമാകെ ഒന്നു ചുറ്റി കറങ്ങി. പിന്നെ ഞങ്ങൾ വീട്ടിലേക്ക്. വീട്ടിലെത്തിയപ്പോൾ സ്വപ്നലോകം നഷ്ടപ്പെട്ടു

***ABIJA JACOB***
***IX B***


ABIJA JACOB
IX B

## ജീവിതം

ജീവിച്ചാൽ കൊതിതീരാത്ത ജീവിതം
ഒത്തൊരുമയുടെ കടലാണ് ജീവിതം
തലോടുന്ന ഇളം കാറ്റു പോലെയാണ് ജീവിതം
ഭൂമിയിൽ ആനന്ദിക്കാൻ മാത്രമല്ല ജീവിതം



തിരമാല പോലെ ദു:ഖവും സന്തോഷവും വന്നെത്തും
എന്നാൽ ജീവിതം തുടരുന്ന കടലാണ്
നദിയുടെ ഒഴുക്ക് പോലെയാണ് ജീവിതം
നദിയുടെ അവസാനം വിധിയുടെ കൈകളാൽ മാത്രം
ജീവീതാവസാനം മരണം കൊണ്ടുമാത്രം
മരണം ദൈവത്തിൻറെ മാത്രം നിശ്ചയം
ജീവിച്ചാലും തീരാത്ത ജീവിതം
സൂര്യന്റെ അസ്തമയം പോലെയല്ല.

***SUPARNA U S***
***IX D***

# ഒരു നിമിഷം

തോരാത്ത മഴ പെയ്യുന്ന ഒരു ദിവസം വൈകിട്ട് സ്കൂൾ വിട്ട് ഞാനും കൂട്ടുകാരി അരുണയും വീട്ടിലേക്ക് നടക്കുകയാണ്. പെട്ടെന്ന് ശക്തമായ ഇടിയും കാറ്റും തുടങ്ങി. പേടിച്ച് വിറച്ചാണ് ഞങ്ങൾ നടക്കുന്നത്. കുടയുണ്ടെങ്കിലും മുഴുവനും നനഞ്ഞു. പണ്ടപ്പിള്ളി കവലയിലെത്തിയപ്പോൾ ഞങ്ങൾ രണ്ടു പേരും രണ്ടു വഴിക്ക് തിരിഞ്ഞു. വാഹനങ്ങൾ വഴിയിലൂടെ ചീറിപ്പായുന്നു. ഏതോ വാഹനത്തിൻറെ ഹോണടി കേട്ടു ഞാൻ തിരിഞ്ഞു നോക്കി. അപ്പോഴതാ അരുണയുടെ വാച്ച് റോഡിൽ വീണു കിടക്കുന്നു. സമയം വൈകുമെന്നോ , ഒറ്റയ്ക്കാണെന്നോ ചിന്തിക്കാതെ ഞാൻ തിരിഞ്ഞു നടന്നു വാച്ചുമെടുത്ത് അരുണയുടെ പിന്നാലെ ഓടി. രണ്ടു മിനിറ്റ് കഴിഞ്ഞുകാണും. ഞാൻ പോകേണ്ടിയിരുന്ന വഴിയരികിൽ നിന്ന ഭീമൻ ആൽ മരം ഭീകര ശബ്ദത്തോടെ മറിഞ്ഞു വീണു. അരുണയുടെ വാച്ച് അവിടെ കിടക്കട്ടേയെന്ന് വിചാരിച്ച് മുന്നോട്ട് നടന്നിരുന്നെങ്കിൽ ഞാൻ തീർച്ചയായും ആ മരത്തിനടിയിൽ പെട്ടുമായിരുന്നു. ആ നിമിഷം നന്മയുടെ വില ഞാൻ നന്നായി മനസ്സിലാക്കി.



***MEENAKSHI MOHAN***

***IX C***


by poornima Thilakan
X:A

-

## അത്തം പത്തോണം



അത്തം പൂശിയ പൂക്കളുമായി
അത്തം വന്നു മലനാട്ടിൽ,
ചെത്തിപ്പൂവിൻ കുമ്പിളുമായി
ചിത്തിര വന്നു പിന്നാലെ,
ചോട്ടുകൾ വച്ചു ചന്തത്തിൽ
പുത്തൻ പുടവ അണിഞ്ഞെത്തി
മുത്തുകൾ ചൂടിയ വൈശാഖം
അടയും പഴവും നേദിക്കാൻ
അനിഴം വന്നാനഴകോടെ
തൃക്കാക്കരയിലെഴുന്നെള്ളാൻ
തൃക്കേട്ടയ്ക്കു തിരക്കായി
ഓടക്കുഴലും പീലിയുമായി
മൂലം വന്നു കളിരേകാൻ
കൂരകൾ തോറും തിരതല്ലി
പൂരാടത്തിനാഹ്ലാദം!

***ANAGHA. R***
***VII B***

## അവസാന വിടപറച്ചിൽ

മരണവാതിലുകൾ എനിക്കായി
തുറന്നപ്പോൾ പടിവാതിൽക്കൽ
മെല്ലെ ഞാൻ മാറിനിൽപ്പൂ

അവസാനമായി ഒരു വിട
ചൊല്ലുവാൻ പിടയുമെൻ ഹൃദയ
മിടിപ്പൊന്നറിയിക്കാൻ

പോകുകയാണു ഞാൻ ആരോടും
മൊഴിയാതെ..........
അണയുകയാണ് ദൈവത്തിൻ
ലോകത്ത് ............

നിറയുകയാണ് വിരഹം എന്നുള്ളിലായ്
കരയുകയാണ് ഞാൻ നിന്നെ പിരിയുന്നതിൽ
മറുവാക്കു കേൾക്കുവാൻ നിൽക്കുന്നില്ല
ഞാൻ,നിറയും നിൻ കണ്ണുകൾ
കാണാൻ കഴിയില്ല
പോകുകയാണു ഞാൻ വേറൊരു ലോകത്ത്
ഇനിയും വരും ഞാൻ ആ പാലമര
ച്ചോട്ടിൽ.......... ഒരിക്കൽ കൂടി
നിൻ കൂടെ മണ്ണപ്പം ചുട്ടു കളിക്കുവാൻ

**MEENAKSHI MOHAN**
**IX C**



# പ്രകാശം

ഇരുട്ടിനെ തോൽപ്പിച്ച് പ്രഭയോടെ വന്നെത്തും പ്രകാശമേ...
സൂര്യന്റെ കിരണങ്ങളിൽ കത്തിജ്വലിക്കും പ്രകാശമേ...
തീഗേളങ്ങൾ കാണും ദിവ്യ വെളിച്ചമാം പ്രകാശമേ...
പ്രകാശിച്ചു കൊണ്ടിരിക്കുക എന്നും എവിടെയും എപ്പോഴും...

***DIVYA UDAYAN***
***IX D***

## അമ്മയാണ് ലോകം

അമ്മയിൽ നിന്ന് വിടരുന്ന നാം
കുഞ്ഞു പാദങ്ങൾ ഭൂമിയിൽ സ്പർശിപ്പിക്കുന്നു
പുതുലോകം നൽകുന്നെന്നമ്മ
ദൈവം കനി പുണ്യമെന്നമ്മ
അമ്മതൻ മാറിൻ ചൂടിൽ നമ്മെ പൊതി
യുന്ന കൈകളാൽ ചേർത്തണയ്ക്കു
നേരം നാം സുരക്ഷിതരാവും
കൈവളരുന്നതും കാൽവളരുന്നതും
കണ്ടോണ്ട് അമ്മയിരിക്കും
അമ്മതൻ വാത്സല്യത്തിൽ വളരുന്ന
വളർന്നാലും അമ്മതൻ കൈപ്പിടിച്ച്
നടക്കും അമ്മതൻ മടിയിൽ തലചായ്ക്കും
നേരം സ്നേഹത്തിൻ താരാട്ട് പാടിയുറക്കും
തെറ്റ് ചെയ്യാതെ തടയാനും
കണ്ണ് ഇറനണിയിക്കാതെ കാക്കാനും
അമ്മ എൻ അരികിൽ ഉണ്ടാകും
എത്ര വളർന്നാലും നീയെൻ
കുഞ്ഞുവാവ



***SUPARNA U S***
***IX D***



MEENAKSHI MOHAN
IX C

# എന്റെ അമ്മ



ലോകം ഞാൻ കണ്ടത് നിന്നിലൂടെ
ലോകം ഞാൻ അറിഞ്ഞതും നിന്നിലൂടെ
ജനിച്ച നാൾ തൊട്ട് ഞാൻ ഉച്ചരിച്ചിടുന്ന
രണ്ടക്ഷരമാണ് 'അമ്മ'.
എന്റെ സ്നേഹവാത്സല്യ നിധിയാണ് അമ്മ
അളവറ്റ സ്നേഹം എനിക്കു നൽകി
നേർവഴി കാട്ടി മുന്നോട്ടു നയിച്ചു
എന്നേളം എന്നോളം എന്നെ സംരക്ഷിച്ചു
ജീവന്റെ ജീവനാണ് എന്റെ അമ്മ
എന്നും ജീവന്റെ ജീവനാണ്
താങ്ങായ് തണലായ് എന്നും കൂടെ നിന്ന എന്റെ അമ്മയ്ക്ക്
എനിക്ക് സ്നേഹം മാത്രമേ തരാനുള്ളു
സ്വീകരിച്ചാലും അനുഗ്രഹിച്ചാലും

*DIVYA UDAYAN*
***IX* D**

# കർഷകൻ

കാർഷികവൃത്തിയിൽ വ്യാപൃതനായ ഒരു വ്യക്തിയെ കർഷകൻ എന്ന വാക്കു കൊണ്ട് വിവക്ഷിക്കാം. നാഗരികതയുടെ കാലം മുതൽ മനുഷ്യൻ ഏറ്റവും കൂടുതലായി ഉപജീവന മാർഗ്ഗമായി തെരഞ്ഞെടുത്തിരുന്നത് കാർഷിക വൃത്തി ആയിരുന്നു.

## കർഷകൻ എന്നതിന്റെ നിർവ്വചനം

കർഷകൻ എന്ന നാമം പാടത്തും,വയലിലും പണിയെടുക്കുകയും അത് ഉപയോഗിച്ച് ഉപജീവനം നിർവഹിക്കുകയും ചെയ്യുന്ന ആർക്കും യോജിക്കും. വ്യവസായശാലകൾക്കു വേണ്ടി അസംസ്കൃത വസ്തുക്കളും കർഷകർ കൃഷി ചെയ്യാറുണ്ട്. ഉദാഹരണം പരുത്തി, ഗോതമ്പ്, ബാർലി, ചോളം തുടങ്ങിയവ. പാൽ, ഇറച്ചി എന്നിവക്കു വേണ്ടി മൃഗങ്ങളെയും, പക്ഷികളെയും വളർത്തു- ന്നവരെയും കർഷകർ എന്നു പറയാറുണ്ട്. താൻ കൃഷി ചെയ്തു വിഭവങ്ങൾ കർഷകൻ കമ്പോളങ്ങളിൽ എത്തിക്കുകയും അത് വ്യാപാരിക്ക് വിൽക്കുകയും ചെയ്യുന്നു.

***DEVIKA D S***
***IX B***


VI B
By: VISMAYASABU


14.


## നമ്മുടെ ഉത്സവങ്ങൾ

പൊന്നിൻ ചിങ്ങം വന്നാൽ നമ്മുടെ
മാമല നാട്ടിൽ പൊന്നോണം.
ഓണക്കോടിയും ഓണനിലാവും
മേളിക്കുന്നൊരു തിരുവോണം

വിജയദശമിക്കല്ലോ നല്ലൊരു
വിദ്യാരംഭം നമ്മൾക്ക്
മേടപ്പുലരിക്കെന്നും കൊന്ന
പൂക്കണി വക്കും വിഷുവല്ലോ?
വിഷുവിന്നൽപ്പം മുമ്പോ പിമ്പോ
ഈസ്റ്റർ തിരുനാൾ വന്നണയും

ധനുമാസത്തിൽ വളകളിളക്കി
തിരുവാതിരയുടെ വരവാകും!
ഡിസംബറിരുപത്തഞ്ചിനു കൃത്യം
ഹാപ്പി ക്രിസ്മസ് മേളാങ്കം

***ANAGHA. R***
***VII B***


VISMAYA SABU
VI B

# കുറുക്കന്റെ കൗശലം

ഉണ്ണിക്കുട്ടന്റെ കൈയിൽ നിന്നും തട്ടിപ്പറിച്ച അപ്പക്കഷണവുമായി കാക്കച്ചി അകലെയുള്ള തേൻ മാവിലേക്ക് പറന്നു. തേന്മാവിന്റെ ചുവട്ടിലിരുന്ന കുറുക്കൻ കാക്കയുടെ ചുണ്ടിലിരുന്ന അപ്പക്കഷണത്തിലേയ്ക്ക് കൊതിയോടെ നോക്കിയിരുന്നു. എങ്ങനെയെങ്കിലും ആപ്പക്കഷണം കാക്കയുടെ കൈയിൽ നിന്നും തട്ടിയെടുക്കണമെന്ന് കുറുക്കൻ വിചാരിച്ചു. പെട്ടെന്ന് അവന് ഒരു കൗശലം തോന്നി. അവൻ ചോദിച്ചു: "ഹേ കാക്കച്ചീ നീ വളരെ സുന്ദരിയായിരിക്കുന്നല്ലോ? നിന്റെ ശബ്ദം എത്ര മനോഹരമാണ്. നിന്റെ മധുരമായ പാട്ടു കേൾക്കുന്നതിനുവേണ്ടിയാണ് ഞാനിത്രയും വേഗം വന്നത്. എനിക്ക് നിന്റെ പാട്ടു കേൾക്കാൻ കൊതിയായി. നീ എനിക്കു വേണ്ടി ഒന്നു പാടില്ലേ?"കുറുക്കന്റെ മുഖസ്തുതിയിൽ വീണുപോയ കാക്കച്ചി മരക്കൊമ്പിൽ നിവർന്നിരുന്നു. തന്റെ കൊക്കിലിരുന്ന അപ്പക്കഷണത്തിന്റെ കാര്യം മറന്ന കാക്ക വളരെ വിശാലമായി തന്നെ പാടാൻ തുടങ്ങി . കാക്ക വായ തുറന്നതും കൊക്കിലിരുന്ന അപ്പക്കഷണം വീണു. കൊതിയോടെ നോക്കിയിരുന്ന കുറുക്കൻ അപ്പവുമെടുത്ത്ഓടിപ്പോയി. തനിക്കു പറ്റിയ അബദ്ധം മനസ്സിലാക്കിയ കാക്കച്ചി അകലേയ്ക്ക് പറന്നു.

***Anila .A .S***

# പ്രകൃതിയുടെ കണ്ണുനീർ

കുളിർ പോലെ പെയ്യുന്ന മഴയുണ്ടെൻ ഭൂമിയിൽ
തളിരിടാൻ കാലം കാത്തുവച്ച വിത്തുകൾ
മഴതോരാതെ പെയ്തു കൊണ്ടിരുന്നു അങ്ങനെയേ..........
കരയെല്ലാം മഴ പുഴയായി കവിഞ്ഞൊഴുകി
മനുഷ്യരെല്ലാം വിദ്യാലയങ്ങൾ പാർപ്പിടമാക്കി
മതമെന്നോ ജാതിയെന്നോ ഇല്ലാതെ മനുഷ്യരായി മാറിയ കാലം
മഴ മാറി കര കവിഞ്ഞു ഒഴുകിയ പുഴയെല്ലാം കരയായി മാറി
തിരികെ യാത്രയായി തൻ മണ്ണിലേക്കുള്ള
ഒന്നുമില്ലാതെ ഏകനായി നിന്നു മനുഷ്യൻ
പിന്നെയും ജാതിയും മതവും വന്നു കേറി
മാറുകയില്ല മനുഷ്യരെന്നും ജീവിതമാം പദയാത്രയിൽ


***ATHIRA S S***
***IX B***



***MEENAKSHI MOHAN***
***IX C***

## *MY FATHER;*

## MY ROLE MODEL



Father, the second God,
But to me he is the first god.
He taught me how to
live in this great world.

He loves me, cares me,
protects me, guides me to the right path.
He is not only a father
He is a great mentor.

Dad, please forgive me,
for all the mistakes I made.
I am your daughter,
No one can challenge me.

Because,
you are my strength,
you are my courage,
you are my role model....DAD!

***ABHIRAMI S .M***
***IX B***

## Our God's In Earth

God gives us three gods in earth. They are our Teacher, Mother and Father. We should respect them. They love us very much. They pray to god for protecting their children. Their target is to work for their children. God please protect from the dangers








***ANANDHI. SS***
***V B***

# MY BEST FRIEND



She's my best friend
But what indeed does these two words mean?
Definitely not laughing, playing, and admiring
But more of crying, fighting and hauling!

But does that really mean a friend or more of a Joe?
She thought me, there's more joy and fun
In fighting rather than playing!

She told me the true lessons of life and dreams;
She showed me the light and dark
Both outside the world and inside me!

She easily finds the secret in my heart
Which I doth not tell her,
She can unlock any key and move through
Any hedges to my thoughts

She can lighten up my world
With her silly talks and fussing,
She is my strength, my inspiration, my life

She equated two of the most wonderful word
My best friend- My mother!

***AFEEFA. S***
***IX C***



# BEAUTIFUL NATURE

Nature is a big wonder
before which we surrender
a green necklace for the earth
which is of great worth.

The tree on which sweet fruit bears
pull us out from any despair ,
the elegant flower rose and lily
bloom and brighten us, so lovely!

The star that twinkle at night
seems like diamond to my sight
the dazzling butterflies, creamy white,
sail and sail like spirit.

Too nectar from flower;
bees flying everywhere
and the birds sing together
so charming and joyous together
but one and only question remains
mother nature, what is your future.

***SWETHA. G***

# A WORD ABOUT OUR PARENTS

Did your parents punish you hardly even you make a small mistake? I will clear you why they behave like this.

With tears in his eyes Rajiv uncle told me, “Today also I yelled at my son unreasonably. I beat him too. I know that what I do is wrong. In fact I feel very guilty every time I punish my son like this. Each time I promise my self never to do it again. Yet I do it again. I know that I am the one who hurts my son most in this world.”

Many parents have told me similar experiences. Why do some parents behave in this way ? Parents are the ones who normally Love their children most. They work hard for them; they feed and clothe them, they take care of them when they get sick, sometimes even spending sleepless nights and incurring great hardship and expense. Many parents will be ready to die for their children.

And yet parents are the once who usually hurt their children most. Like Rajiv, sometimes they yell at them and even beat them unreasonably. Often it is when they do some mischief that they punish them. But how wonderful it would be if only they corrected them lovingly and patiently!

Sometimes they punish them for mistakes they have not committed; sometimes they punish them more harshly than their

misdeeds deserve. Since they are helpless in front of their parents the children are obliged to put up with such treatment.


Often we misbehave because our parents are harsh, because they do not treat us lovingly. Slowly our misbehaviour becomes habits. Then we are almost incapable of getting rid of those bad habits like hot-temper, laziness, sadness, etc.

Our parents where once children. Their parents probably treated them, too, unfairly. As a result they too misbehaved. Their misbehaviour developed into bad habits. The habits became so strong that they became almost incapable of getting rid of them. That is why they behave like Rajiv without gentleness. Besides they have the burden and responsibilities of taking care of the family. This makes them more tense and hence they are almost forced to behave unkindly. There is a universal psychological principle which says. “If you are hurt, you will hurt others.” Parents who have been hurt in the past or the present tend to harsh.

Bad behaviour is bad behaviour whether they come from parents or children. It is useless to blame the parents for the bad behaviour. Now we know that they are almost helpless just as we are,to control the bad behaviour.

***DRISHYA N***
***IX C***

# CHARLES BABBAGE (1791-1871)



Charles Babbage was an English mathematician, philosopher, inventor born on December 26, 1791, in London, England. Babbage originated the concept of a digital programmable computer. Considered by some to be a "father of the computer", Babbage is credited inventing the first mechanical computer that eventually led to more complex electronic designs, though all the essential ideas of modern computers are to be found in Babbage's analytical engine. His varied work in other fields has led him to be described a "pre eminent" among the many polymaths of his century.

The idea of mechanically calculating mathematical tables first came to Babbage in 1812 or 1813. Later he made a small calculator that could perform certain mathematical computations to 8 decimals. In the mean time(1828-39), he served as Lucian professor of mathematics university of Cambridge. Babbage died on October 18, 1871 in London.

***Shasna Shamnad***
***IX A***

## IT - QUIZ

1) How many Computer languages are in use ?
2) Who founded Apple Computer ?
3) What does the Internet prefix WWW stands for ?
4) A network designed to allow communication within an Organization is called : _______________
5) What is the name for a Computer pointing device ?
6) Which is the first search engine Internet ?
7) First Computer virus is known as :
8) Fire wall in Computer is used :
9) 1024 bit is equal to how many byte ?
10) Mac Operating system is developed by which Company ?
11) .gif is an extension of : ____________
12) Who is also known as The Father of Indian Super Computer ?
13) When a Computer suddenly stops working it is said to be : ___
14) Virus is a Computer _______________
15) Total number of function keys in a Computer keyboard ?
16) Which one is a 'Text editor' for Microsoft Windows ?

## Answers

1) 2000
2) Steve lohs
3) World Wide Web
4) An Internet
5) A Mouse
6) Archie
7) Creeper Virus
*8) For Security*

9) 128 byte
10) Apple
11) Image file
12) Vijay Bhatkar
13) Hanged
14) Program
15) 12
*16) Notepad*

***NAGALEKSHMI S***

# MY TEACHER



Teacher is my mother also and she will
Every time support students
And she is like a moon that light among the stars she will
Caring and loving she will
Help students in everything and real guide to us she
Encourage students if they were failed
And led to right way

***ANAGHA S S***

***VII A***

# My world



Running stream lets
Blowing Trees
Shivering Clouds and
Growing Plants
Flowering Plants
Smoking House
Showering Trees with
Leaves and Buds
There a Cat and
There a Dog
Running after
Mice and Rats
There Some means
Pollute the World
What a noise
And What a Din
Is the world
That I live in.

***Rajalekshmi S R***
***VII A***

# IMPORTANCE OF GIRLS EDUCATION

The leaders of our Freedom movement realized the 'Importance of Girls education' and had put it as a prime agenda for National development. Gender inequality in Education is extreme. Girls are less likely to have access to school, to remain in school or to achieve in education. Education helps men and women claim their rights and realise their potential in the Economics, Political and Social arenas. It is also the single most powerful way to lift people out of poverty. Education plays a particularly important role as a foundation for Girl's development towards adult life. It should be an intrinsic part of any strategy to address the gender – based discrimination against Women and Girls that remains prevalent in many societies.

Every body has the right to Education which has been recognised since the 'Universal Declaration Of Human Rights' (UDHR) in 1948. The right to free and nation and of good quality, has been reaffirmed in all major international human rights conventions. Many of these same instruments encourage, but do not guarantee, post – primary Education. These rights have been further elaborated to address issues like quality and equality moving forward the issue of what the right to education means, and Exploring how it can be achieved. The right of girls to Education is one of the most critical of all rights – because education plays an important role in enabling girls and women to secure other Rights

***Meenakshi Mohan***
**IX C**

# LIFE

Life is beautiful but not always easy, it has problems, too, and the challenge lies in facing them with courage, letting the beauty of life act like a balm, which makes the pain bearable, during hard times, by providing hope.

Happiness, sorrow, victory, defeat, day-night are the two sides of a coin. Similarly life is full of joy, pleasure, success and comfort punctuated by misery, defeat, failures and problems. There is no human being on earth, strong, powerful, wise or rich, who was not experienced struggle, suffering or failure.

No doubt, life is beautiful and every moment- a celebration of being alive, but one should be always ready to face adversity and challenges. Life is not a bed of roses; thorns are also a part of it and should be accepted by us just as we accept the beautiful side of life. The thorns remained one how to success and happiness can be evasive and thus not to feel disappointed and disheartened rather remember that the pain of thorns is short- lived, and the beauty of life would soon overcome the prick of thorns.

A successful executive has to face the ups and downs of life, not forgetting that life is a mix of success and failure, joy and sorrow. If he loses hope during difficult times, he would not achieve success and would be replaced by others.

***- Shasna Shamnad***
***IX A***

# RIDDLES

**1)** A man in a car can see three doors. A Bronze door, A silver door and a Golden door. Which door should he open first?

**2)** Imagine you are in a sinking boat surrounded by sharks . How can you survive?

**3)** In south America you cannot take a picture of a person with a wooden leg . Why not?

**4)** What is the most popular book among both teens and adults theses days?

**5)** Why can't a pirate ever finish the alphabet?

**6)** There are 12 fish in a bowl,but half of them drowned. How many are left?

**7)** I have clawed feet, but I am not a bear. I have scales, but I'm not a reptile. Who am I?

**8)** What do you call a snail on a board?


**9)** Where can you see how popular a spider is?

**10)** I fit in really well with others but I can't talk. I create pictures. But I can't see. What am I?

<u>Answers</u>

**1)** His car door.
**2)** Stop imagining right now
**3)** Because its impossible to take a picture with wooden leg. Its not a camera.
**4)** Facebook.
**5)** He always get lost at 'c'
**6)** Still 12: fish don't drown
**7)** A dragon fly
**8)** Snailor
**9)** Web-site
**10)** A puzzle piece

***DARSHANA J***
***IX A***


ABIJA JACOB
IX B

# TIM BERNERS LEE



He was born in June 8 1955 in London. Berners lee's parents were both mathematician who were employed together on the team that built the Manchester mark 1, one of the earliest computers. Dot coms, bloggers and Google all have one man to thank for their place in the 21st century world. In 1990, Tim Berners lee made the imaginative leap to combine the internet with the hypertext concept, and the world wide web was born.

Berners lee is the director of the world wide web consortium(W3C), which overseas the continued development of the web. He is also the founder of the world wide web foundation and is a senior researcher and holder of the 3 COM founders chair at the MIT computer science and artificial intelligence laboratory(C SAIL). He is a director of the web science research initiative(WSRI), and a member of the advisory board of the MIT centre for collective intelligence. In 2011, he was named as a member of the board of trustees of the ford foundation. He is a founder and president of the open data institute. Berners lee received the 2016 Turing award "for inventing the world wide web", the first web browser, and the fundamental protocols and algorithms allowing the web to scale.

***Shasna Shamnad***

# THE WISE MAN BUILT HIS HOUSE

The wise man built his house upon the rock
The wise man built his house upon the rock
The wise man built his house upon the rock
And the rain tumbling down.

Oh, the rain came down
And the floods came up
The rain came down
And the floods  came up
The rain came down
And the floods came up
And the man's house stood firm.

The foolish man built his house upon the sand
The foolish man built his house upon the sand
The foolish man built his house upon the sand
And the rain came tumbling  down.

Oh,the rain came down
And the floods came up
The rain came down
And the floods  came up
The rain came down
And the floods came up
And the foolish man's house went down.

***Siva Ganga G P***
***V A***

# ARE WOMEN IN INDIA ARE SAFE?


'WILL THIS HAPPEN TO MY CHILD' ? Is the thought of every Indian Mother after reading the newspaper. The modern life is rising but the life and position of a women is the same everywhere. No Mother whether she is an army officer or a police women. A women is always a women. Now-a-days every newspaper has at least one news about a women being harassed or raped. Sometimes it makes us think whether the world is all against a women. When a man passes dirty comments on a lady or if he misbehaves with a women, she is expected to keep quite,if she reacts or raises her voice against this then she is considers to be over- reactive, arrogant and aggressive. This clearly shows the pathetic situation of our society. And the sad part is that there will be no change in this condition.

To top this all many still criticize that these are all the women's fault. They say that is because they go in the wrong way, like the way they dress and the way they interact in the society. So I am asking to the society, 'What about a three year old kid being Raped?' No one will have an for that.

Even If the world goes upside down, nothing will change the suppressed condition of women in our society and no one can answer the questions reached by women. And so I would like to conclude hoping that the attitude of our society towards our women will change soon.

“Jai Hind”

*Abija Jacob*
**IX B**




**MEGHA R KRISHNA**
***IX C***

# Students and social media

It is amazing how Internet is changing peoples lives. People are able to do research and gather data on the web,navigate through websites and most people are able to find anything within seconds with the help of search engines like Google. The Internet has provided our world with a different means of communication and is accessible to anyone at any time. Despite all of the beneficial aspects,there is also a negative aspect. Nowadays , social media users are increasing.

According to researchers, social media is affecting the way kids look at friendship and intimacy. Teens ideas of friendship have been influenced by their immersion in the online world.

Many people can say that social media is one of the most common ways of a distraction for students. It has an effect that is both harmful to the productivity of students and has been proven to decrease the students grades academically. Now many students are admitting that social media networks are the cause to their grades suffering.

Social media has a damaging effect on the lives of students since it can negatively affect relationship with others, cause them to be inattentive, and can get cyber bullied. Students will always have the choice of how well they do in school. Having the perfect balance between a social media network and self-discipline and suitable scheduling. Students need to start changing their habits.

***Avanthika L R***
***IX A***

## TIME




**Time is slow when you wait**
**Time is fast when you are late**

**Time is deadly when you are sad**
**Time is short when you are happy**

**Time is endless when you are in pain**
**Time is long when you bored:**

**Every time, time is determined**
**By your feelings**
**And your psychology conditions**
**And not by clacks**
**So have a nice time always**

***AFEEFA S***
***IX C***

## दोस्ती

दोस्ती एक ऐसी शक्ति है,
जिसमें स्नेह और शांति है,
दोस्ती से मन बहलावो
दोस्ती कभी मिट नहीं सकती I
दोस्ती एक खिलती फूल है,
जो सो कभी नहीं बुझाती है
दोस्ती रुपी फूल खिलती ही रहती है
यह धरती का सर्वोतम फूल कहता है I

***AFEEFA***
***IX C***

# हिंदी दिवस

जन जन की भाषा है हिंदी
भारत की आशा है हिंदी
जिसने पूरे देश को जोड़ रखा है
वो मज़बूत धागा है हिंदी I

हिंदुस्तान की गौरव गाथा है हिंदी,
एकता की अनुपम परंपरा है हिंदी
जिसके गर्भ से रोज़ नयी कोंपले आती है
ऐसी कामधेनु धरा है हिंदीI

जिसने गुलामी में क्रांति की आग जलाई ,
ऐसे वीरों को प्रसन्न  है हिंदीI
जिसके बिना हिन्द थम जाये
ऐसी जीवनरेखा है हिंदी I

***AFEEFA S***
***IX C***
























## देश भक्ति गीत

हम बच्चे छोटे छोटे हैं ,
हम सहस हिम्मतवाले हैं
है गर्व हमें भारत मां पर,
हम भारत के रखवाले  हैं I
हम में लहरों का जोश भरा है,
हम में पर्वत सी ऊंचाई,
हम में नदियों की चंचलता,
हम में सागर सी गहराई I

हमने अपने मौलिक सपने ,देश की खातिर बेचे है ,
लहू सींचकर चमन खिलाया
प्राण हलके से खींचे है
हमने सत्ता- धीशों के पैरों से धरती धीनी  है
कितने भागे खेत छोडे, कितनों न लाशें बीनी है

सरफजोशी की नम्रता
अब हमारे दिल में हैं ,
देखना है ज़ोर कितना बाजु -ए -कातिल में है ,
वक्त आने दे बता दूंगे तुछे ए आसमा ,

Reena .V  Teacher

കവിത

# നാലിതൾ

ആർ. ശ്രീലതാവർമ്മ

**പ്രകാശം**
എനിക്കു കതിരുകൾ വാരിയെടുക്കാൻ
തെളിഞ്ഞ താരകൾ നിൻമിഴികൾ.

**പ്രണയം**
ആലയമെനിക്കുനിൻ
പ്രാണന്റെ കുടീരങ്ങൾ
ഞാനതിൽ സ്പന്ദിക്കുന്നു
നാദപൗർണമിപോലെ

**സ്പർശം**
ആത്മാവിൽ രാഗതരംഗങ്ങൾ തീർക്കുന്ന
നീണ്ട വിരൽകളാൽ നീതൊടും നേരത്ത്
വീണയാകുന്നു ഞാൻ, നാദമാകുന്നു ഞാൻ
വ്യോമാന്തരങ്ങളിൽ താളമാകുന്നു ഞാൻ.

**കാലം-കാവ്യം**
രാവിൽ വിരഹത്തിലേകാന്തമേഘമേ
നീ കടന്നെത്തിയ നക്ഷത്രദൂരങ്ങൾ
ഞാനെന്റെ ജാലകച്ചില്ലിൽ പകർത്തുമ്പോൾ
നീയായി മാറുന്നു കാലവും കാവ്യവും



**R SREELETHA VARMA**
***OLD STUDENT***

**'ജാലകം'** എന്ന ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുവാൻ ഞങ്ങളോട് സഹകരിച്ച വിദ്യാർത്ഥിനികളോടും ജോളി ടീച്ചറിനോടും, ശ്രീലേഖ ടീച്ചറിനോടും, ലിജി ടീച്ചറിനോടും ഉള്ള കടപ്പാട് രേഖപ്പെടുത്തുന്നു. കൂടാതെ ഈ ഉദ്യമം സഫലീകരിക്കാൻ ഞങ്ങളെ സഹായിച്ച ജഗദീശ്വരന് പ്രണാമങ്ങൾ അർപ്പിക്കുന്നു.

***(ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ)***

